ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ഇത് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ആ നിലയിലാണ് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് ചുള്ളിത്തോട് പദ്ധതി ഉദ്ഘാടനം ചെയ്തതാണ്. അതിന് ഗവൺമെന്റ് അനുമതിയും നൽകിയിട്ടുണ്ട്. വർക്കുകൾ ടെണ്ടർ ചെയ്യാൻ കഴിയാത്തതിനാൽ ആറു മാസത്തേയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയതായി ഡിപ്പാർട്ട്മെന്റിൽനിന്ന് അറിഞ്ഞു. ആ നിയന്ത്രണം പിൻവലിക്കാനും ഇത്തരത്തിലുള്ള വർക്കുകൾ ടെണ്ടർ ചെയ്യാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ വർക്കിനെ സംബന്ധിച്ച് മാത്രമല്ല, പൊതുവേ നിയന്ത്രണം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ പലക പ്പാണ്ടി ഇറിഗേഷൻ പ്രോജക്ടിന് ഒരു സർവേ നടത്തിയതാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിയാൽ, കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാൻ കഴിയുന്ന ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ പ്രയോജനമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : വാമനപുരം നദീതട പദ്ധതിയെക്കുറിച്ച് അങ്ങ് ശ്രീ. ആനത്തലവട്ടം ആനന്ദന്റെ ചോദ്യത്തിന് മറുപടി പറഞ്ഞു. ഇന്ന് ആ പദ്ധതിക്ക് പ്ലാനിംഗ് ബോർഡ് എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ? ആ പദ്ധതി വരുമെന്ന് പ്രതീക്ഷിച്ച് എത്രയോ വർഷങ്ങളായി ജനങ്ങൾ ആ ഭൂമിയിൽ കൃഷിചെയ്യാറില്ല, ക്രയവിക്രയങ്ങൾ നടത്താറില്ല. അവിടെയാകെ നിശ്ചലമാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് ആ പദ്ധതി വരുന്നത്. കുറച്ച് ആളുകൾ അവിടെ ഈ പദ്ധതി വരുന്നതിന് എതിരാണ്. അതുകൊണ്ട് ഗവൺമെന്റിന് ഇത് സംബന്ധിച്ച് ഒരു ക്ലാരിറ്റി വേണം. വാമനപുരം നദീതട പദ്ധതി വരുമോ ഇല്ലയോയെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : വാമനപുരം പദ്ധതി വരുമോ ഇല്ലയോയെന്ന് പറയാൻ കഴിയില്ല. അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി; വിവിധോദ്ദേശ പദ്ധതി അനുസരിച്ച് ഡിസൈൻ തയ്യാറാക്കാൻ പറഞ്ഞു. ആ വിവിധോദ്ദേശ പദ്ധതി വന്നതിനുശേഷം പരിശോധിച്ചതിനുശേഷമേ അത് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ കഴിയൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*558) കാലവർഷക്കെടുതികൾ നേരിടുന്നതിന് പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാലവർഷക്കെടുതികളെ ഫലപ്രദമായി നേരിടുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ സ്ഥിരം സംവിധാനങ്ങൾ ദീർഘകാല പദ്ധതികൾ ഇവ എന്തൊക്കെയാണ്;

(സി) നദികളേയും തോടുകളേയും സംരക്ഷിച്ചുകൊണ്ട് വർഷകാലക്കെടുതികളെ ഫലപ്രദമായി നേരിടുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) ഇതിലേക്കായി ഒരു അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) കാലവർഷക്കെടുതികളെ ഫലപ്രദമായി നേരിടുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നദികളിലും, തോടുകളിലും, കനാലുകളിലും താഴെപ്പറയുന്ന വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളാണ് ഇറിഗേഷൻ വകുപ്പ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ജല നിർഗമനത്തിന് തടസ്സം നേരിടുന്ന ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക, നദീമുഖങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്ത് നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുക, ഇവയിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലികൾ കെട്ടുക, അമിതമായി കരയിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ കരയുടെ സംരക്ഷണത്തിനായി ജലാശയങ്ങളുടെ പാർശ്വഭാഗങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കുക തുടങ്ങിയവയാണ്.

(ബി) മുകളിൽ പറഞ്ഞ പ്രവൃത്തികൾ കൂടാതെ വർഷകാലത്തിനുമുമ്പായി പൊഴിമുറിച്ച് നദീജലങ്ങളിൽ ജലനിർഗമനത്തിനുള്ള തടസ്സം നീക്കുന്നുണ്ട്. ദീർഘകാല പദ്ധതികൾ എന്ന നിലയിൽ കേരളത്തിലെ നദീതടങ്ങളെപ്പറ്റി പ്രത്യേകം പഠിച്ച് അവയുടെ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പെരിയാർ നദീതടസംരക്ഷണത്തിനായി ഒരു ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 'തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിവാരണം' എന്ന ശീർഷകത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. എറണാകുളം, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലേയും വെള്ളപ്പൊക്ക നിവാരണത്തിന് ഇതുപോലുള്ള പദ്ധതികൾ പരിഗണനയിലുണ്ട്.

(സി)&(ഡി) ഇവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ഒന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. മുകളിൽ പ്രതിപാദിച്ചിരുന്ന പ്രവൃത്തികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപ്പോഴപ്പോൾ ചെയ്തുവരുന്നുണ്ട്. എന്നാൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജലസേചന വകുപ്പിന്റെ കീഴിൽ നദികളുടേയും വൃഷ്ടി പ്രദേശങ്ങളുടെയും സംരക്ഷണത്തിനും ജലസംഭരണത്തിനും കാർഷികാഭിവൃദ്ധിക്കും വേണ്ടി റിവർ പ്രൊട്ടക്ഷൻ അതോറിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യമായി പെരിയാർ നദിക്കുവേണ്ടിയുള്ള അതോറിറ്റിയാണ് രൂപീകരിക്കുന്നത്. ഇതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly